കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ഗ്രാമപഞ്ചായത്ത്
## 2017-18
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)355/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in
തീയതി: 17.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
അന്തിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും

ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)355/2019 തിയ്യതി: 17.05.2019

# തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-10-2017 മുതൽ 21-02-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.17 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-02-19 മുതൽ 01-03-19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.തുളസീദാസ്.വി.ജി ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ) |
| | ശ്രീമതി.ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സിനിലാൽ.എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |
| | ശ്രീമതി.രേഖ.ഇ.സി, ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കിഷോർകുമാർ.കെ.എം. | 01.04.17 മുതൽ 20.10.17വരെ |
| | ജ്യോതി രാമൻ (വൈസ് പ്രസിഡന്റ്) | 21.10.17 മുതൽ 13.11.17വരെ(in charge) |
| | ശ്രീ.എ.വി.ശ്രീവത്സൻ | 14.11.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.പി.ജി.വസന്തകുമാർ | 01.04.17 മുതൽ 31.03.18വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രേസി.എ.ടി. | 01.04.17 മുതൽ 31.03.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ.എം.എസ്. | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ബീന മൊയ്തീൻ.കെ | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.മുരുകൻ.വി.പി. | 01.04.17 മുതൽ 31.05.17വരെ |
| | ഡോ. ബീന കെ.എസ് | 01.06.17 മുതൽ06.07.17വരെ |
| | ഡോ.ഗീത.പി.കെ | 07.07.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പ്രവീൺ.ബി.വിശ്വം | 01.04.17 മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജീവ്.കെ.ആർ | 01.04.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ., അന്തിക്കാട് സർക്കിൾ | ശ്രീ.അൻസു അലക്സ് | 01.04.17 മുതൽ 31.03.18വരെ |
| വി.ഇ.ഒ., പടിയം സർക്കിൾ | ശ്രീ.സിമി.എ.എം. | 01.04.17 മുതൽ30.06.17വരെ |
| | റെനീഷ് എ എച്ച് | 01.07.17 മുതൽ 01.02.18വരെ |
| | അൻസു അലക്സ് | 02.02.18മുതൽ 14.03.18വരെ |
| | റെനീഷ് എ.എച്ച് | 15.03.18മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീജ.പി.ജെ. | 01.04.2017 മുതൽ 13.09.2017 FN വരെ |
| | പ്രമീന എ പി | 13.09.17 ANമുതൽ 20.12.17വരെ |
| | ശ്രീമതി.സൂര്യമോൾ.ടി.എസ് | 20.12.17 മുതൽ 31.03.18വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്., പുത്തൻപീടിക. | സി ജെ ജോസഫ് | 01.04.2017 മുതൽ 30.04.2017വരെ |
| | ശ്രീമതി.സൗഭാഗ്യവതി | 01.05.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷീല.വി.ആർ | 01.04.2017 മുതൽ 26.04.2017 വരെ |
| | | 27.04.17മുതൽ |

| | | |
|---|---|---|
| | | 16.06.17 വരെ (ഒഴിവു ) |
| | കിൻസ്ബോയ് .ടി | 17.06.17മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു.ബി. | 01.04.2017 മുതൽ 15.11.17വരെ |
| | ശ്രീമതി.സ്മൃതി വാസുദേവൻ | 15.11.17 മുതൽ 31.03.18വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | വസ്തു നികുതി ഈടാക്കിയതിലെ അപാകത | 2-3 |
| 16 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-4 |
| | ഭാഗം-3 | |
| 17 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-1 |
| 18 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-2 |

| | | |
|---|---|---|
| 19 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-3 |
| 20 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, മെയിന്റനൻസ്- അപാകതകൾ | 3-4 |
| 21 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ- ആവശ്യകത നിർണ്ണയം നടത്തിയിട്ടില്ല | 3-5 |
| 22 | തെരുവു വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി- അപാകതകൾ | 3-6 |
| 23 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം -അപാകത | 3-7 |
| 24 | വനിത സംരംഭങ്ങൾക്ക് സ്ഥലം വാങ്ങൽ- തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല | 3-8 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3-9 |
| 26 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-10 |
| 27 | 2016-17 ൽ ബിറ്റുമിൻ വാങ്ങിയത് - അധിക തുക തിരികെ ലഭിച്ചത് തിരിച്ചടവാക്കിയില്ല | 3-11 |
| 28 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-12 |
| 29 | സംയുക്ത പ്രോജക്റ്റുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-13 |
| 30 | സർവ്വീസ് ടാക്സ് കരാറുകാരന് അനുവദിച്ചു - അടവാക്കിയില്ല | 3-14 |
| 31 | എസ്.സി.വനിതകൾക്ക് തണൽ വീട് നിർമ്മാണം- ഫൈൻ ഇനത്തിൽ 68850/- രൂപ ഈടാക്കിയില്ല. | 3-15 |
| 32 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഉപയോഗപ്പെടുത്താനാവുന്നില്ല | 3-16 |
| 33 | ലൈഫ് പദ്ധതി ഒന്നാം ഘട്ടം, പൂർത്തീകരിച്ചില്ല | 3-17 |
| 34 | ആശ്രയ പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 3-18 |
| 35 | അഗതി പുനരധിവാസ പദ്ധതികൾക്ക് മുൻ ഗണന നൽകണം. തുടർ സേവന പദ്ധതി തയ്യാറാക്കണം. കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പു വരുത്തണം. | 3-19 |
| 36 | അർഹരായ മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭിക്കാൻ നടപടി സ്വീകരിക്കണം. ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം | 3-20 |

| | | |
|---|---|---|
| 37 | നെല്ലുൽപാദന വർധന -ഇരുപൂ കൃഷി നടത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3-21 |
| 38 | മാലിന്യ സംസ്കരണം വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം | 3-22 |
| 39 | ഹെഡ് മിസ്ട്രസ്സ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-23 |
| 40 | തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പ്രവൃത്തികൾ - അപാകതകൾ | 3-24 |
| 41 | ആസ്തികളുടെ സംരക്ഷണം- വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല | 3-25 |
| | **ഭാഗം-4** | |
| 42 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 53 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 22.03.2017 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 11,42,00,981 രൂപയും ചെലവ് 10,98,75,000 രൂപയും ആണ്. 27.02.18 തീയതിയിലെ തീരുമാനം നം.7/1 പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം വരവ് 9,77,36,992 രൂപയും ചെലവ് 8,83,96,213 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 08.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 & 26.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(08)/11.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 76,30,676 |
| വരവ് | 5,09,64,448 |
| ആകെ | 5,85,95,124 |
| ചെലവ് | 5,47,74,151 |
| നീക്കിയിരിപ്പ് | 38,20,973 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10579000 | 10579000 | 10575236 | 3764 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5001944 | 5001944 | 4999197 | 2747 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5174000 | 5174000 | 5150552 | 23448 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2338350 | 252650 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4968507 | 4968507 | 4968507 | 0 |
| കെ എൽ എസ് ജി ഡി പി( ACR) പ്രകാരം | | 0 | 703639 | 703639 | 621439 | 82200 |
| സാക്ഷരത | | 94084 | 326957 | 421041 | 326700 | 94341 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14706977 | 14706977 | 14706977 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 889652 | 889652 | 889652 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി എസ് സി | | 140095 | 128365 | 268460 | 215856 | 52604 |
| ഐസിഡിഎസ് | | 722964 | 92963 | 815927 | 565946 | 249981 |
| എം പി ഫണ്ട് | | 0 | 0 | 0 | 0 | 0 |
| പൈക | | 47 | 0 | 47 | 0 | 47 |
| എൻ എം ബി എസ് | | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബേട്ടി പടവോ ബേട്ടി ബചാവോ | | 0 | 41000 | 41000 | 6867 | 34133 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എസ് സി ഡവലപ്പ്മെന്റ് | | 0 | 0 | 0 | 0 | 0 |
| ആയുർവേദം | | 0 | 300000 | 300000 | 235440 | 64560 |
| എം എൽ എ ഫണ്ട് | | 0 | 313694 | 313694 | 313694 | 0 |
| കേരളോൽസവം | | 117 | 20000 | 20000 | 20000 | 117 |
| വിമുക്തി | | 25000 | 12500 | 37500 | 3666 | 33834 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3714088 | 3714088 | 2290143 | 1423945 |
| | ജില്ലാ പഞ്ചായത്ത് | 0 | 1550000 | 1550000 | 1484197 | 65803 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 53880 | 53880 | 42480 | 11400 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 22361000 | 22361000 | 22361000 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 4667900 | 4667900 | 4667900 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1016300 | 1016300 | 1016300 | 0 |
| വിധവ പെൻഷൻ | | 0 | 11702900 | 11702900 | 11702900 | 0 |
| വികലാംഗ പെൻഷൻ | | 0 | 2389000 | 2389000 | 2389000 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 270000 | 270000 | 270000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 446588 | 446588 | 446588 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7582000 | 7582000 | 7582000 | 0 |
| തനത് ഫണ്ട് | TDCB OWN FUND | 1584350 | 3836895 | 5421245 | 2620760 | 2800485 |
| | STSB OWN FUND | 3772151 | 7625600 | 11397751 | 11402671 | -4920 |
| | SBI E PAYMENT | 0 | 17127 | 17127 | 0 | 17127 |
| SMGB -1893 | | 1998631 | 310401 | 2309032 | 823681 | 1485351 |
| SBT KURDFC | | 1380 | 51 | 1431 | 0 | 1431 |
| TDCB സാക്ഷരത | | 6370 | 257 | 6627 | 0 | 6627 |
| ASCS SWABHIMAN ACCOUNT | | 129001 | 15212 | 144213 | 0 | 144213 |
| SMGB 918 NREGS | | 0 | 1181652 | 1181652 | 1181652 | 0 |
| KGB300 | | 46852 | 617046 | 663898 | 559836 | 104062 |
| ഭവന നിധി | | 0 | 0 | 0 | 0 | 0 |
| സംയുക്ത പ്രോജക്ട് STSB | | 0 | 5264088 | 5264088 | 6084823 | -820735 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 5,95,19,378 | 97 | 3,56,60,329 | 14 | 35 | 66.44 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 8,89,652 | 8,89,652 | 8,89,652 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,47,06,977 | 1,47,06,977 | 1,47,06,977 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42480 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 4667900 | 1609 |
| വിധവാപെൻഷൻ | 11702900 | 3910 |
| വാർദ്ധക്യകാലപെൻഷൻ | 22361000 | 6770 |
| വികലാംഗപെൻഷൻ | 2389000 | 748 |
| അവിവാഹിത പെൻഷൻ | 1016300 | 339 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,10,301/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കമ്പ്യൂട്ടറുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നല്കേണ്ടതാണ്. വാറന്റി, ഗ്യാരണ്ടി വിവരങ്ങൾ ചേർക്കേണ്ടതാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. പഞ്ചായത്തിൽ നിരവധി സ്വാശ്രയ കുടിവെള്ള പദ്ധതികളുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

5. തെരുവ് വിളക്കുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6. നിലവിൽ ജീവനക്കാർക്ക് യാത്രാ അലവൻസ് അനുവദിക്കുന്നത് മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ്. ഇത് ശരിയായ നടപടിയല്ല. യാത്ര കഴിഞ്ഞ് വന്നാൽ എത്രയും വേഗം നിശ്ചിത പ്രൊഫോർമയിലുള്ള യാത്രാ ഡയറി സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ടി.എ. അനുവദിക്കേണ്ടതുമാണ്. രണ്ട് വർഷത്തിനു ശേഷം ടി.എ. അനുവദിക്കാവുന്നതല്ല.

7. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ക്യാഷ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതുകയോ, സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുമ്പോൾ ഓരോ വർഷത്തേക്കും വെവ്വേറെ സ്റ്റോക്ക് രജിസ്റ്ററാണ് ഉപയോഗിക്കുന്നത്. ആയതുകൊണ്ട് തന്നെ ഓരോ സ്ഥാപനങ്ങളിലും ആകെയുള്ള സാധനങ്ങളുടെ വിവരം ലഭ്യമാകുന്നില്ല. ഓരോ വർഷവും വാങ്ങുന്ന ഒരേ ഇനം സാധനങ്ങൾ ഒരേ പേജിൽ തുടർച്ചയായി എഴുതേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിലവിലുള്ള രജിസ്റ്ററിൽ നിരവധി തെറ്റുകളുണ്ട്. കൂടാതെ പല ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. തണൽവീട്, SC വിഭാഗക്കാർക്കായുള്ള ഫ്ലാറ്റ്, ജാഗ്രതാ സമിതിയുടെ ഓഫീസ്, വനിതാ സംരഭകർക്കായി വാങ്ങിയ സ്ഥലം, പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവയൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി മാറുകയോ, മോണിറ്ററിംഗ് കൃത്യമായി നടത്തുകയോ ചെയ്യുന്നില്ല.
10. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തി ലോഗ് ബുക്കിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

മേൽ കാര്യങ്ങളിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/2019 | 12/2018 | 31.01.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.13 മുതൽ 08.02.13 വരെ | 2007-08 മുതൽ 2011-12 വരെ | 03.03.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്നു മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

005430/ 11.4.17 - 212

- / 17.11.16 - 500

362707/ 24.10.16 - 706
2. വസ്തു നികുതി പരിശോധന
സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി ഡി.സി.ബി. കണക്കുകളും സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ വ്യത്യാസം കാണുന്നു.

| | വാർഷിക കണക്ക് | സഞ്ചയ ഡി.സി.ബി. | വ്യത്യാസം |
|---|---|---|---|
| റസിഡൻഷ്യൽ | | | |
| കുടിശ്ശിക ഡിമാന്റ് | 7,42,886 (2016-17-ലെ ബാലൻസ്ഷീറ്റ് പ്രകാരം) | 6,80,256 (LC ഉൾപ്പെടെ) | 62,630 |
| കുടിശ്ശിക കളക്ഷൻ | 6,05,849 | 6,00,756 | 5,093 |
| കറന്റ് കളക്ഷൻ | 15,29,268 | 15,24,300 | 4,968 |
| നോൺ-റസിഡൻഷ്യൽ | | | |
| കുടിശ്ശിക ഡിമാന്റ് | 10,67,910 (31.03.17-ലെ ബാലൻസ്ഷീറ്റ് പ്രകാരം) | 6,91,857 | 3,76,053 |
| കുടിശ്ശിക കളക്ഷൻ | 3,66,899 | 3,73,663 | (-) 6,764 |

| | | | |
|---|---|---|---|
| കറന്റ് കളക്ഷൻ | 5,87,340 | 6,21,983 | (-) 34,643 |

മേൽ പറഞ്ഞ പട്ടികയിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഡിമാന്റ് തുകകൾ, സഞ്ചയ ഡി.സി.ബി. കണക്കുകളിൽ വാർഷിക കണക്കുകളിലെ തുകകളേക്കാൾ (31.03.17-ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുകകൾ) കുറവാണെന്നു കാണുന്നു.

റസിഡൻഷ്യൽ ബിൽഡിങ്ങ് വസ്തു നികുതി കുടിശ്ശികയിനത്തിൽ 62,630/- രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിങ്ങ് വസ്തുനികുതി കുടിശ്ശികയിനത്തിൽ 3,76,053/- രൂപയും സഞ്ചയ കണക്കുകളിൽ കുറവു വന്നിട്ടുണ്ട്. ഈ കുറവ് ജേണൽ എൻട്രികൾ മുഖേന വസ്തുനികുതി പ്രയർ പിരീഡ് വരുമാനത്തിലേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണ കുറിപ്പിൽ പറഞ്ഞിട്ടുള്ളത്.

വാർഷിക കണക്കിലെ I-18 ഷെഡ്യൂളിൽ,

Prior period Income-Property tax on Residential Building - 7,84,498

Prior period Income-Property tax on Non-Residential Building – 4,88,837

എന്നീ തുകകൾ കാണിച്ചിട്ടുണ്ട്. വസ്തുനികുതി കണക്കുകളിൽ മേൽ പറഞ്ഞ പ്രകാരം ക്രമീകരിച്ച തുകകളുടെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള അനുബന്ധ രേഖകളോ തീരുമാനങ്ങളോ പരിശോധനക്കു ലഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി കണക്കുകളിലെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

3. ജനറൽ പർപ്പസ് ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവുള്ള അവസാന ഗഡു 33,484/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

4. വാർഷിക കണക്കിനൊപ്പമുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നെറ്റ് ക്യാഷ് ജനറേറ്റഡ് തുകയും, വർഷാരംഭത്തിലേയും വർഷാവസാനത്തേയും ക്യാഷ് & ക്യാഷ് ഇക്വാലന്റ് തുകകളുടെ വ്യത്യാസവും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള net cash generated = (-)48,81,954/-

വർഷാരംഭത്തിലേയും വർഷാവസാനത്തേയും ക്യാഷ് &

ക്യാഷ് ഇക്വാലന്റ് തുകകളുടെ വ്യത്യാസം = (-)38,09,703/-

5. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62(2)(എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആൻഡ് ഓ ലൈസൻസുകളിലെ അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. (ചട്ടം 10) പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം7).

2017-18 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ നിരവധി അപേക്ഷകൾ സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്.

ഡി ആന്റ് ഓ ലൈസൻസ് ആവശ്യമായ രേഖകൾ ഹാജരാക്കിയതിനു ശേഷം അനുവദിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്-ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൽ,1996 ചട്ടം 12 പ്രകാരമുള്ള നിബന്ധനകൾക്കുവിധേയമായി ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**(1).താഴെ പറയുന്ന സാനിറ്ററി സാക്ഷ്യപത്രം സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.**

| ക്രമനമ്പർ | സ്ഥാപനത്തിൻറെ പേര് | റൂം നമ്പർ | രശീതി നമ്പർ തീയതി |
|---|---|---|---|
| 1 | ശബരീ കൺസ്യൂമർ സ്റ്റോർ അന്തിക്കാട് | V/212 | 11601103629, 28/2/17 |
| 2 | ജി &ജി എൻജിനീയറിങ് പുത്തൻപീടിക | ലഭ്യമല്ല | 117010100305 27/4/17 |
| 3 | ബുക്ക് മേറ്റ് സ്റ്റേഷനറി പടിയം | XIII/336A | 11601103776 2/3/17 |
| 4 | കൃഷ്ണ ടൂൾ സ് 2 ആൻഡ് സെയിൽ പടിയം | II/280 | 11601103787 2/3/17 |
| 5 | കോലത്ത് ഏജൻസിസ് പുത്തൻപീടിക | VII/496 | 11601104654 21/3/17 |
| 6 | ഫേവറൈറ്റ് ഫേവറൈറ്റ്ബാറ്ററി പുത്തൻപീടിക | ലഭ്യമല്ല | 11601104857 27/3/17 |

(2) 1996ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപക്ഷയോടൊപ്പം വയ്ക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്.

**താഴെ പറയുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.**

| ക്രമനമ്പർ | സ്ഥാപനത്തിൻറെ പേര് | റൂം നമ്പർ | രശീതി നമ്പർ തീയതി |
|---|---|---|---|
| 1. | രാമകൃഷ്ണ ഓയിൽ റൈസ് ആൻഡ് ഫ്ലവർ ഓയിൽ | ലഭ്യമല്ല | 117010102485 11.12.17 |
| 2 | ജി&ജി എൻജിനീയറിങ് പുത്തൻപീടിക | ലഭ്യമല്ല | 11601103672 28.02.17 |
| | | | |

| | | | |
|---|---|---|---|
| 3 | ഗുഡ്സ് എഞ്ചിനീയറിംഗ് വർക്സ് ,മുറ്റിച്ചൂർ . | xlll / 26 | 117010105388 15.3.18 |
| 4 | ചാക്കു കെ ഡി കുളങ്ങര വീട് പുത്തൻപീടിക (എള്ള് ആട്ടുന്ന യന്ത്ര ചക്ക് ) 10 HP | vlll/254 | 11601104990 30.3.17 |

**(3). 15 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല.**

ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ട്രേഡേഴ്സ് ലിസ്റ്റ് , D& O രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 15 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. ഇതിൽ 583 സ്ഥാപനങ്ങളുള്ളതിൽ ഡി & ഒ ഡി സി ബി രജിസ്റ്റർ പ്രകാരം 236 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

**(4) A)റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക1, ക്രമ നം.149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ **8** റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടന്നും ഇവ നിലവിൽ ലൈസൻസ് എടുത്തിട്ടില്ലെന്നും 2019-20 വർഷത്തിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (നം.04/17-18 തീയതി 26/02/19). റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതുമൂലം ലൈസൻസ് ഫീസിനത്തിലും ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു.

B) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.10.16 ലെ R11549/16(1) നമ്പർ കത്ത് പ്രകാരം കള്ള് ഷാപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 17.10.16 ന് ചേർന്ന പഞ്ചായത്ത് കൗൺസിൽ യോഗത്തിലെ 340(11)/16 നമ്പർ തീരുമാനം എടുത്തിരുന്നു. നിലവിൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതും അല്ലാത്തതുമായ കള്ള്ഷാപ്പുകളെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 04/17-18 തീയതി 26/02/19നുള്ള മറുപടിയിൽ, ലൈസൻസില്ലാതെ **7** കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഈ ഏഴ് കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2 -2 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരം എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

എന്നാൽ 2017 -18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല .

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | അന്തിക്കാട് പാൽ വിതരണ സഹകരണ സംഘം | രണ്ടാം അർദ്ധ വർഷം |
| 2. | കെ.എസ്.ഇ.ബി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധ |

| | | |
|---|---|---|
| | ഡിവിഷൻ, കൊടുങ്ങല്ലൂർ | വർഷങ്ങൾ |
| 3. | ലീസ് ഇൻഡക്സ് ഇന്ത്യ ലിമിറ്റഡ്, അന്തിക്കാട് | 2രണ്ടാം അർദ്ധ വർഷം |
| 4. | പോസ്റ്റ് ഓഫീസ്, പുത്തൻപീടിക | രണ്ടാം അർദ്ധ വർഷം |
| 5. | കാരമുക്ക് സർവീസ് സഹകരണ ബാങ്ക്, പടിയം | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6. | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, അന്തിക്കാട് | രണ്ടാം അർദ്ധ വർഷം |
| 7. | മുത്തൂറ്റ് ഫിൻകോർപ്പ്, അന്തിക്കാട്. | രണ്ടാം അർദ്ധ വർഷം |
| 8. | പി.എൻ വൈ, അന്തിക്കാട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9. | എക്സ്സൈസ് റേഞ്ച് ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 10 | കുന്നത് ഫാർമസി പുത്തൻപീടിക vll/ 393 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11. | വാവാസ് കാറ്ററിംഗ് സർവീസ്, പുത്തൻപീടിക vll / 430 -ജി | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 12. | ജാനകി ഫുഡ് പ്രോഡക്ട് vll / 430 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 13. | ഹെൽത്ത് കെയർ ലബോറട്ടറി, പടിയം x lll 52 A, B | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

തൊഴിൽ നികുതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-17/17-18 തീയതി 01.03.19) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്നും മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-3 വസ്തു നികുതി ഈടാക്കിയതിലെ അപാകത.

ചക്കിത്തറ നാരായണൻ മകൻ സുരേഷ് എന്നയാളുടെ VIII/248A നമ്പർ നൽകിയ 276.73$m^2$ വിസ്തീർണ്ണമുള്ള പാർപ്പിടത്തിന് വസ്തുനികുതി ഈടാക്കിയപ്പോൾ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 250$m^2$ ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് സ.ഉ.(പി) നം. 88/2013 ത.സ്വ.ഭ.വ തീയ്യതി 13.03.2013 പ്രകാരം ഈടാക്കേണ്ട 15% വർദ്ധനവ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/28.02.19 നുള്ള മറുപടിയിൽ നികുതി നിർണ്ണയസമയത്ത് തറ നിർമ്മിതിയുടെ തരം സിമന്റ് ആയിരുന്നതിനാലാണ് വസ്തു നികുതി ഈടാക്കിയപ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താതിരുന്നത്. (കോൺക്രീറ്റ് മാത്രമാണ് ചെയ്തിരുന്നത്) എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥലപരിശോധനാ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. പരിശോധന നടത്തി വസ്തു നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

## 2-4 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

വാർഡ് V ൽ കെട്ടിട നമ്പർ 75A മുതൽ 75M വരെ തൃശ്ശൂർ താലൂക്ക് തഹസിൽദാരുടെ പേരിലുള്ള കെട്ടിടത്തിന്റെ 2013-14 മുതലുള്ള വസ്തുനികുതി അടവാക്കി കാണുന്നില്ല. 2017-18 വരെ മൊത്തം 1,98,300/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| കെട്ടിടനമ്പർ | തുക |
|---|---|
| V/75A | 16,110 |
| V/75B | 7,920 |
| V/75C | 7,920 |
| V/75D | 7,920 |
| V/75E | 24,030 |
| V/75F | 15,840 |

| | |
|---|---|
| V/75G | 15,840 |
| V/75H | 11,360 |
| V/75I | 15,320 |
| V/75J | 7,920 |
| V/75K | 36,960 |
| V/75L | 15,580 |
| V/75M | 15,580 |
| ആകെ | 1,98,300 |

കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രൊജക്ട് നം. 48/18, ലാബിലേക്ക് റീ ഏജന്റ് & സാമഗ്രികൾ വാങ്ങൽ, ചെലവ് തുക – 50,000/-

ട്രഷറി ബിൽ നം. 4/17-18, തീ.27.10.17, തുക – 33,633/-

“ “ നം. 12/17-18, തീ.13.03.18, തുക – 12,963/-

“ “ നം. 13/17-18, തീ.21.03.18, തുക – 3,404/-

a) Bio-Agencies, തളിക്കുളം എന്ന സ്ഥാപനത്തിൽ നിന്ന് 48,500/- രൂപക്ക് റീ ഏജന്റ് വാങ്ങിയിട്ടുണ്ട്, എന്നാൽ ക്വട്ടേഷൻ ക്ഷണിച്ച് കാണുന്നില്ല.

b) 19.04.17 തീയതിയിൽ ലഭിച്ച 1,680/- രൂപയുടെ ക്രെഡിറ്റ് നോട്ട് നം.1 (ഗുഡ്സ് റിട്ടേൺ ഇനത്തിൽ ലഭിച്ചത്) ആണ് വൌച്ചർ നം. 1 പ്രകാരം ഹാജരാക്കിയിട്ടുള്ളത്. Bio-Agencies ന് നൽകേണ്ട തുകയിൽ നിന്നും ഈ തുക കുറവ് ചെയ്യേണ്ടതാണ്. എന്നാൽ, അപ്രകാരം ചെയ്തിട്ടില്ല ആയതിനാൽ മേൽ സ്ഥാപനത്തിന് 1,680/- രൂപ അധികം നല്കിയിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ചെലവ് തുകയിലെ 1,680/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2) പ്രൊജക്ട് നം. 36/18, സാന്ത്വന പരിചരണ പരിപാടി, ചെലവ് തുക – 7,33,750/-

ട്രഷറി ബിൽ നം. 1/17-18, തീ.22.08.17, തുക – 40,000/-

“ “ നം.2/17-18, തീ.25.09.17, തുക – 86,000/-

“ “ നം.3/17-18, തീ.27.10.17, തുക – 23,350/-

“ “ നം.6/17-18, തീ.27.11.17, തുക – 25,700/-

“ “ നം.7/17-18, തീ.30.12.17, തുക – 1,04,300/-

“ “ നം.9/17-18, തീ.27.01.18, തുക – 28,700/-

“ “ നം.10/17-18, തീ.13.03.18, തുക – 25,700/-

ടി.എസ്.ബി ചെക്ക് നം. 3424225, തീ.29.12.17, തുക – 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ടി.എസ്.ബി ചെക്ക നം. 3424226, തീ. 29.12.17, തുക – 2,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

a) മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 23.01.2018 ന് 4,00,000/- രൂപയുടെ ഡി.ഡി എടുക്കുകയും 11.05.18 ന് ആയത് ക്യാൻസൽ ചെയ്യുകയുമുണ്ടായതായി കാണുന്നു. 15.05.18 ന് വീണ്ടും ഡി.ഡി എടുക്കുകയും 01.09.18 ന് ഇത് ക്യാൻസൽ ചെയ്തതായും കാണുന്നു. തുടർന്ന് 11.09.18 ന് NEFT വഴി KMSCL ന് 4,00,000/- രൂപ കൈമാറുകയുമാണ് ചെയ്ത് കാണുന്നത്. KMSCL ന് നൽകേണ്ട ബാക്കി തുകയായ 78,600/- രൂപ 30.12.17 ന് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. 31/12 ഫിൻ സർക്കുലർ തിയ്യതി 02.06.12 (ഖണ്ഡിക 4) പ്രകാരം D.D. എടുത്ത് 5 ദിവസത്തിനകം കൈമാറണമെന്നും അല്ലാത്തപക്ഷം 12% വാർഷിക പലിശ നിരക്കിൽ പിഴ കണക്കാക്കി ഉത്തരവാദിയിൽ നിന്നും ഈടാക്കണമെന്നും, 12.04.2016ലെ സ.ഉ.(പി).നം. 177/06/ധന ഉത്തരവ് ഖണ്ഡിക 8.3 പ്രകാരം വിതരണം ചെയ്യാനാകാത്ത തുക 30 ദിവസത്തിനകം തിരിച്ചടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7/27.02.19 നുള്ള മറുപടിയിൽ 2016-17 ലെ മരുന്നുകൾ ലഭ്യമാകാത്തതിനെ തുടർന്നാണ് ഡി.ഡി കൈമാറാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. തുക

കൈമാറേണ്ട സന്ദർഭത്തിൽ മാത്രം ഡി.ഡി എടുക്കുന്നതിന് നിഷ്കർഷ പുലർത്തേണ്ടതാണ്.
b) KMSCL ന് 4,78,600/- രൂപ കൈമാറിയിട്ടുണ്ട്, എന്നാൽ മരുന്ന് ലഭ്യമാക്കി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുകയിലെ 4,78,600/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് നം.97/18- വയോജനങ്ങൾക്ക് സമഗ്ര ആരോഗ്യ പദ്ധതി (എസ്.സി.പി.), ചെലവ് തുക – 87,238/-
നിർവ്വഹണോദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ, ആയുർവേദം
ട്രഷറി ബിൽ നം. 5/18, തീ.08.03.18, തുക – 87,238/-
1) സ്പിൽ ഓവർ പ്രൊജക്ട് ആയി നടപ്പാക്കിയ ഈ പദ്ധതിയിൽ മുൻ വർഷം 39,500/- രൂപ രക്തപരിശോധന, ബോധവൽക്കരണക്ലാസ്സ്, യോഗപരിശീലനം എന്നിവക്ക് ചെലവഴിച്ചതായാണ് ഓഡിറ്റ് അന്വേഷണം നം. 8/27.02.19 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ 2017-18 ലെ പ്രൊജക്ടിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത് എന്ന് പ്രൊജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നില്ല.
2) Diachem Health Care Pvt Ltd എന്ന സ്ഥാപനത്തിന് 78,738/- രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ എന്തൊക്കെ പരിശോധനകളും പ്രവർത്തനങ്ങളുമാണ് നടത്തേണ്ടതെന്ന് സംബന്ധിച്ച് ഈ സ്ഥാപനവുമായി കരാറിലേർപ്പെട്ടതായോ ധാരണാ പത്രം ഒപ്പ് വച്ചതായോ കാണുന്നില്ല.
3) എസ്.സി പദ്ധതിയായാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്, എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ളവരുടെ വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ സൂക്ഷിക്കുകയോ ഫയൽ ക്രമപ്രകാരമാക്കി വക്കുകയോ ചെയ്തിട്ടില്ല.
സമഗ്ര ആരോഗ്യ പരിപാടി എന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ ക്യാമ്പ് നടത്തി ലാബ് പരിശോധന നടത്തൽ മാത്രമാക്കാതെ ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകും വിധം പരിശോധനാവിവരങ്ങൾ ക്രോഡീകരിച്ച് വക്കുകയും തുടർചികിത്സ ആവശ്യമുള്ളവർക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ ചികിത്സ, മരുന്ന് എന്നിവ ലഭ്യമാക്കും വിധത്തിലുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്രമായ പദ്ധതിയായി നടത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 3-3 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗവിവരം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം / പദ്ധതിയുടെ പേര് | ബിൽ നം / തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 22/17-18/9.1.18<br>799414 19/17-18 തിയതി. 20.10.17 200586<br>ചെക്ക് നം 3424222/14.11.17 373626 | വിനിയോഗ വിവരം ലഭ്യമാക്കാത്ത തുക – 110150 | കെ.എസ്.ഇ.ബി പെരിങ്ങോട്ടുകര സെക്ഷൻ |
| 2 | 80/18<br>ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 12/17-18/24.8.17 | 50000 | ജില്ലാ പഞ്ചായത്ത് |
| 3 | 86/18<br>ഐ എം എ ബ്ലഡ് ബാങ്ക് | 11/17-18/24.8.17<br>17/17-18/17.10.17 | 50000<br>50000 | ജില്ലാ പഞ്ചായത്ത് |
| | ആകെ | | 260150 | |

വിനിയോഗ വിവരം ലഭ്യമാകുന്നതുവരെ ചെലവ് തുക 2,60,150/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, മെയിന്റനൻസ്-അപാകതകൾ

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ മെയിന്റനൻസ് എന്നിങ്ങനെ രണ്ട് പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
നിർവ്വഹണം

a)കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, നെറ്റ് വർക്കിംഗ്

പദ്ധതി നം. 88/18

ബിൽ നം 24/17-18 തിയതി 11.1.18 തുക 161458

45/17-18 തിയതി 17.3.18 തുക 17045

b) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ മെയിന്റനൻസ്

പദ്ധതി നം. 24/18

ബിൽ നം 16/17-18 തിയതി 27.9.17 തുക 52982

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, നെറ്റ് വർക്കിംഗ് എന്ന പദ്ധതിയിൽ ടെണ്ടർ നടപടികളിലൂടെ സാൻവിർ ടെക്നോളജീസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ -3, മോണിറ്റർ - 3, പ്രിന്റർ -2 എന്നീ വാങ്ങലുകളും നെറ്റ് വർക്കിംഗും നടത്തിയിരിക്കുന്നു.നെറ്റ് വർക്കിംഗ് പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ മെയിന്റനൻസ് എന്ന പദ്ധതിയിൽ കെൽട്രോണിന് 16 കമ്പ്യൂട്ടറുകൾക്കും 2 യു പി എസിനുമാണ് എ എം സി ഒരു വർഷത്തേയ്ക്ക് നൽകിയിരിക്കുന്നത്.

കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കണമെന്നും സോഫ്റ്റ്‌വെയറുകളുടെ ലൈസൻസ് വിശദാംശങ്ങൾ സ്റ്റോക്കിൽ ചേർക്കണമെന്നും സർക്കുലർ നം 86/2010/ഫിൻ തിയതി 24.9.10 ൽ പറയുന്നു. പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കുന്നുണ്ടെങ്കിലും എ എം സി നൽകിയ കമ്പ്യൂട്ടറുകളുടെ വിവരങ്ങൾ മാത്രമാണ് സ്റ്റോക്കിൽ ചേർത്തിരുന്നത് ഓഡിറ്റ് എൻക്വയറിയെ ( 1/17-18/26.2.19)തുടർന്ന് തൻവർഷം വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിവരങ്ങളും സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലുള്ള എല്ലാ ഹാർഡ് വെയറിന്റെയും സോഫ്റ്റ്‌വെയറിന്റെയും വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-5 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ- ആവശ്യകത നിർണ്ണയം നടത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പദ്ധതി നം. 85/18

ബിൽ നം 23/17-18 തിയതി 11.1.18 തുക 76,628/-

33/17-18 തിയതി 27.1.18 തുക 22,294/-

പദ്ധതി പ്രകാരം ആർട്ട്കോ യിൽ നിന്നും 3 സ്റ്റീൽ അലമാര, 15 റാക്ക് എന്നിവ നേരിട്ട് വാങ്ങിയതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>അപാകതകൾ</u>

1. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത്.

സ്ഥാപനങ്ങളുടെ ആവശ്യകത സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനങ്ങളുടെ ആവശ്യകത മുൻനിർത്തിയാണോ വാങ്ങൽ നടത്തിയത് എന്നത് വ്യക്തമല്ല.

2. വാങ്ങിയ ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഏതെല്ലാം സ്ഥാപനങ്ങൾക്ക് വിതരണം നടത്തി എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ഫർണ്ണിച്ചറുകൾ കൈപ്പറ്റിയ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

3. ഏതൊക്കെ ഫർണ്ണിച്ചറുകൾ എത്ര എണ്ണം വിതരണം ചെയ്യണം എന്ന വിവരം സപ്ലൈ ഓർഡറിൽ ചേർത്തു കാണുന്നില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുക 98,922/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 തെരുവു വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി- അപാകതകൾ

പദ്ധതി നം. 25/18

ബിൽ നം 27/17-18 തിയതി 11.1.18 തുക 1,03,650/-

48/17-18 തിയതി 26.3.18 തുക 65,250/-

തെരുവു വിളക്ക് റിപ്പയറിന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ ലിതു.കെ.എസ് എന്ന വ്യക്തിക്കാണ് ടെണ്ടർ ലഭിച്ചത്. ആയതു പ്രകാരം 365 (@250) ഡബിൾ ട്യൂബും, 20 സിംഗിൾ ട്യൂബും, 491 സി എഫ് എല്ലും റിപ്പയർ ചെയ്ത വകയിലാണ് മേൽ പ്രകാരം തുക പിൻവലിച്ച് കരാറുകാരന് നൽകിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ റിപ്പയർ ചെയ്ത എണ്ണത്തിന്റെ ആധികാരികത പരിശോധിക്കുകയും സാധ്യമല്ല.

2. കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

3. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4. സാമഗ്രികൾ കരാറുകാരന് വിതരണം ചെയ്തതിന്റെയോ കൈപ്പറ്റിയതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

5.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഡബിൾ ട്യൂബ് 22 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പയർ ചെയ്തത് 365 ആണ്. ഇതിൽ ട്യൂബ് അല്ലാതെ മറ്റുള്ള ഏതെല്ലാം ഐറ്റം ആണ് റിപ്പയർ ചെയ്തത് എന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടില്ല. ഇതുപോലെ സി എഫ് എൽ റിപ്പയർ കണക്കിലും അവ്യക്തതയുണ്ട്. (സി.എഫ്.എൽ വിതരണം-377, റിപ്പയർ 491)

അപാകതകൾ പരിഹരിക്കേണ്ടതും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 3-7 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം -അപാകത

പ്രോജക്ട് നം . 87/18

കരാറുകാരൻ - രാമചന്ദ്രൻ.പി. എം.

വൌച്ചർ നം. 21700340 dt.21.8.17 Rs.99,450/-

2017 മേയ് മാസത്തിൽ നടത്തിയ കുടിവെള്ള വിതരണത്തിനായി 99,450/- രൂപ ചെലവഴിച്ചിട്ടുണ്ട്. 23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം വാട്ടർ അതോറിറ്റി സബ് ഡിവിഷൻ നൽകി റിപ്പോർട്ട് പ്രകാരം ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസും ഉണ്ടായിരിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ മാനദണ്ഡങ്ങളൊന്നും പഞ്ചായത്ത് നടത്തിയ കുടിവെള്ള വിതരണത്തിൽ പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വനിത സംരംഭങ്ങൾക്ക് സ്ഥലം വാങ്ങൽ- തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോ. നം 99/18
ബിൽ നം 42/17-18/14.3.18 തുക 14,58,619/-
വൗച്ചർ നം 21700999/26.3.18 തുക 2,74,131/-
പദ്ധതി പ്രകാരം വനിത സംരംഭങ്ങൾക്ക് വേണ്ടി പടിയം വില്ലേജിൽ (സർവ്വേ നം 11/ പി ) 0.0131 ഹെക്ടർ ഭൂമി ഹുസൈൻ, സുമിയ പാണ്ടോളി വീട്, അന്തിക്കാട് എന്നവരുടെ പക്കൽ നിന്നും വാങ്ങിയിട്ടുണ്ട്. തഹസിൽദാരുടെ ലാൻഡ് വാല്യു സർട്ടിഫിക്കറ്റ് പ്രകാരം ആറിന് 15,00,000/- രൂപ വില നിശ്ചയിച്ചിട്ടുള്ള സ്ഥലം വാങ്ങിയിരിക്കുന്നത് 17,50,000/- രൂപയ്ക്കാണ്. കൂടാതെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ചെലവുകൾക്കായി മറ്റൊരു പദ്ധതി പ്രകാരം 2,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട് ( പദ്ധതി നം 142/18, ബിൽ നം 41/17-18/13.3.18 ) വനിത സംരംഭങ്ങൾക്ക് വേണ്ടി വാങ്ങിയ സ്ഥലത്ത് തുടർ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (6/17-18/27.2.19) നൽകിയതിന് കുടുംബശ്രീ വിപണന കേന്ദ്രം ഉൾപ്പെടെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് തുക കണ്ടെത്തുന്നതിന് സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

രണ്ട് പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) പ്രോ.നം 4/18

ബിൽ നം. 2/17-18 തിയതി 12.1.18 തുക 1,56,250/-

(2) പ്രോ.നം 54/18

ബിൽ നം. 4/17-18 തിയതി 12.1.18 തുക 4,62,500/-

ക്രമ നം 1 ൽ 25 ഗുണഭോക്താക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുകയും, ക്രമ നം 2 ൽ 37 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതവുമാണ്

എസ് എൽ ബി പിയ്ക്ക് കൈമാറിയിരിക്കുന്നത്. കാലിത്തീറ്റ വിതരണം നടത്തുന്ന ക്ഷീരസംഘത്തിന്റെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് പദ്ധതികളിലുമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റുന്നതായി കാണുന്നില്ല.

| പദ്ധതി നം | ഗുണഭോക്താവിന്റെ പേരു വിവരം | കാലിത്തീറ്റ കൈപ്പറ്റിയ കാലയളവ് |
|---|---|---|
| 4/18 | ബേബി, ഏറാട്ട്, പടിയം | 5/18 മുതൽ 7/18 വരെ ( കന്നുകുട്ടി ചത്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |
| 54/18 | ലിസ്സി വിൻസൻ,പള്ളിക്കുന്നത്ത് ,അന്തിക്കാട് | 5/18 മുതൽ 3/19 വരെ (3/19 മുതൽ cancelled എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |

മേൽ രണ്ട് ഗുണഭോക്താക്കളും പദ്ധതിയിൽ പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തികരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-10 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ നടത്തിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല

താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. ആട് വളർത്തൽ ( വനിത)

പ്രോ. നം 6/18

ബിൽ നം 6/17-18 തി. 12.1.18 തുക 2,60,000/-

ബിൽ നം 9/17-18 തി. 9.3.18 തുക 40,000/-

60 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം സബ്സിഡി അനുവദിച്ചു

2. പോത്തുകുട്ടി വളർത്തൽ ( വനിത)

പ്രോ. നം 12/18

ബിൽ നം 5/17-18 തി. 12.1.18 തുക 1,95,000/-

ബിൽ നം 8/17-18 തി. 12.1.18 തുക 35,000/-

ബിൽ നം 10/17-18 തി. 9.3.18 തുക 20,000/-

48 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം സബ്സിഡി അനുവദിച്ചു

3. മുട്ടക്കോഴി വളർത്തൽ ( വനിത)

പ്രോ. നം 7/18

ബിൽ നം 7/17-18 തി. 12.1.18 തുക 1,25,000/-

250 ഗുണഭോക്താക്കൾക്ക് 500/- രൂപ വീതം സബ്സിഡി അനുവദിച്ചു.

<u>അപാകതകൾ</u>

1. പോത്തുകുട്ടിയെ വാങ്ങുമ്പോൾ 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം എന്ന് പറയുന്നു. എന്നാൽ പോത്തുകുട്ടികളെ വിറ്റ വ്യക്തികളോ നിർവ്വഹണ ഉദ്യോഗസ്ഥനോ ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിയ്ക്ക് നേരിട്ട് വാങ്ങാം. പ്രായം ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം. എന്നാൽ ഈ നിർദ്ദേശമൊന്നും മേൽ പദ്ധതികളിലെ വാങ്ങലിൽ പാലിച്ചതായി കാണുന്നില്ല. രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ആടുകളുടെ വിതരണ പദ്ധതി നടപ്പാക്കുന്ന തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ കുടുംബശ്രീ സംവിധാനം വഴി അട്ടപ്പാടി ബ്ലാക്ക് ആടുകളെ വിതരണം ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഡി.ഡി.3/20/2017/ത.സ്വ.ഭ.വ തിയതി 01.07.2017 സർക്കുലറിൽ നിർദ്ദേശിച്ചിരുന്നത് പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 16/17-18/1.3.19)നൽകിയതിന് പദ്ധതി നടത്തിപ്പിലേക്ക് വിതരണം ചെയ്യുന്നതിന് ഈ ഇനം ലഭ്യമല്ലാത്തതിനാലാണ് മറ്റിനങ്ങൾ വാങ്ങിയത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നില്ല.

II. ഒരേ കുടുംബത്തിലെ അംഗങ്ങൾ വിതരണക്കാരനും ഗുണഭോക്താവുമാകുന്നു.

ആട് വളർത്തൽ പദ്ധതിയിൽ അമരാവതി, ഉപ്പത്ത് ഹൗസ് അന്തിക്കാട് എന്ന ഗുണഭോക്താവ് ആടിനെ വാങ്ങിയത് സദാനന്ദൻ, കാരണത്ത് ഹൗസ്, അന്തിക്കാട് എന്ന വ്യക്തിയിൽ നിന്നാണ്. ഇതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവാണ് ബിജി സദാനന്ദൻ, കാരണത്ത് ഹൗസ്. ആടിനെ വിതരണം ചെയ്ത വ്യക്തിയും ബിജി സദാനന്ദൻ, കാരണത്ത് ഹൗസ് എന്ന ഗുണഭോക്താവ് സമർപ്പിച്ച രേഖകളിൽ ഉൾപ്പെട്ട സദാനന്ദൻ, കാരണത്ത് എന്ന വ്യക്തിയും ഒന്നാണോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16/17-18/1.3.19) നൽകിയതിന് ഒരേ വ്യക്തിയാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി എന്നാൽ പദ്ധതി പ്രകാരം വാങ്ങിയതും വിതരണം നടത്തിയതും വ്യത്യസ്ത ആടുകളെയാണെന്നും അറിയിച്ചിട്ടുണ്ട്. ഒരേ കുടുംബത്തിലെ അംഗങ്ങൾ വിതരണക്കാരനും ഗുണഭോക്താവുമാകുന്ന സംഗതികളിൽ കരാർ ലംഘനം നടക്കുന്നില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ( 3 വർഷം പരിപാലിച്ചു കൊള്ളാമെന്നുള്ള കരാർ). ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടി (കത്ത് നം. 97/19 തിയ്യതി 01.03.2019) ഖണ്ഡിക 4 പ്രകാരം ) നിലവിലുള്ള രണ്ട് ആടുകളെ വിറ്റ് പകരം 2 ആടുകളെ വാങ്ങുകയാണുണ്ടായത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഗുണഭോക്താവിന്റെ അർഹതയെതന്നെ ചോദ്യം ചെയ്യുന്നതാണ്. അർഹനല്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് വഴി പൊതു പണം ദുർവിനിയോഗം ചെയ്യുന്നതായി ഓഡിറ്റ് നിരൂക്ഷിക്കുന്നു. ഈ ഇനത്തിൽ ചെലവഴിച്ച തുക 5,000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വാസന്തി രാജീവൻ, കല്ലാറ്റ്, കണ്ടശ്ശാംകടവ് എന്ന ഗുണഭോക്താവിന് ആടിനെ വിതരണം ചെയ്തയ് അബ്ദുൾ അക്ബർ, പട്ടാട്ട് ഹൗസ്, കണ്ടശ്ശാംകടവ് എന്ന വ്യക്തിയാണ്. ഇതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവായ സുഹറാ ബീവി, പട്ടാട്ട് ഹൗസ് , കണ്ടശ്ശാംകടവ് എന്ന വ്യക്തി ഹാജരാക്കിയ റേഷൻ കാർഡിൽ ( കാർഡ് നം 1841081117) അബ്ദുൾ അക്ബർ എന്ന വ്യക്തി ഉൾപ്പെട്ടതായി കാണുന്നു. ആടിനെ വിറ്റ ആളും സുഹറാ ബീവിഎന്ന ഗുണഭോക്താവിന്റെ കുടുംബത്തിൽപ്പെട്ട ആളും വ്യത്യസ്ത വ്യക്തികളാണ് എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നാൽ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കി കരാർ ലംഘനം നടന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

III. എ ബി സി പ്രോഗ്രാം

പ്രോ. നം 10/18

ബിൽ നം 1/17-18 തി. 25.8.17 തുക 75,000/-

പദ്ധതിയുടെ നടത്തിപ്പിനായി മേൽ ബിൽ പ്രകാരമുള്ള തുക ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയ്ക്കുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 2016-17 ൽ ബിറ്റുമിൻ വാങ്ങിയത് - അധിക തുക തിരികെ ലഭിച്ചത് തിരിച്ചടവാക്കിയില്ല.

2016-17 വർഷത്തിൽ ബിറ്റുമിൻ വാങ്ങിയ ഇനത്തിൽ HPCL ൽ നിന്നും തിരികെ ലഭിച്ച 44,973/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കയാണ്. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. കൂടാതെ, SS1,RS1 Emulsion വാങ്ങിയ ഇനത്തിൽ Hindustan Colas ൽ നിന്നും തിരികെ ലഭിക്കാനുള്ള 8,449/- രൂപ തിരികെ ലഭിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-12 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 13-8 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഏതെല്ലാം പദ്ധതികൾ ഏറ്റെടുക്കാമെന്ന് പറയുന്നു. ഇതുപ്രകാരം റോഡുകളുടെ സംരക്ഷണം, പരിപാലനം എന്നിവ മാത്രമേ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാനാകൂ. കൂടാതെ 10-11-17 ലെ സർക്കുലർ നം.ഡി.എ.1/859/2017/ത.സ്വ.ഭ.വ പ്രകാരവും പുതിയ കോൺക്രീറ്റിംഗും, ടാറിംഗും പാടില്ല എന്നും, നിലവിലുള്ള റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഇവ അനുവദിക്കാവുന്നതാണെന്നും പറയുന്നു. എന്നാൽ പഞ്ചായത്തിൽ 1st &2nd metalling, tarring തുടങ്ങിയ പുതിയ നിർമ്മാണ പ്രവൃത്തികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നിർവ്വഹിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം 3dt.26-2-19) മറുപടിയിൽ മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതിനാലും അത്യാവശ്യ പ്രവൃത്തികളായതിനാലുമാണ് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടി വന്നതെന്നുമാണ് അറിയിച്ചത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത് പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സംയുക്ത പ്രോജക്റ്റുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2017-18 വർഷത്തേക്കുള്ള പദ്ധതി മാർഗരേഖ (ജി.ഒ.(എംഎസ്)72/2017/ത.സ്വ.ഭ.വ തീ.29-3-17 ) പ്രകാരം സംയുക്ത പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്റ്റുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുവാൻ സ്ഥാപനമേധാവികളുടെ സംയുക്ത യോഗം നിർബന്ധമാണ്.

2. സംയുക്ത പ്രോജക്റ്റിൽ ഏർപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

3. സംയുക്ത പ്രോജക്റ്റുകളുടെ വിഭവസമാഹരണം വിനിയോഗം എന്നിവ സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 23/1/17 ലെ ജി.ഒ(പി)7/2017 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള മാർഗ നിർദ്ദേശങ്ങളൊന്നും പഞ്ചായത്തിൽ പാലിച്ചതായി കാണുന്നില്ല. ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നാണ് സംയുക്ത പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടത് എന്ന അടിസ്ഥാന തത്ത്വത്തെ ലംഘിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മാത്രം വകയിരുത്തി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | വകയിരുത്തിയ ബ്ലോക്ക് ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 1 | 149/18- പാന്തോട് കടവ് നിർമ്മാണം | 175000 | 154835 |
| | | | |

| | | | |
|---|---|---|---|
| 2 | 150/18- പുത്തൻകോവിലകം ആലിക്കൽ ലിങ്ക് റോഡ് കൾവർട്ട് നിർമ്മാണം | 75000 | 61465 |
| 3 | 152/18- കല്ലിടവഴി റോഡ് കാന നിർമ്മാണം | 780000 | ചെലവില്ല |

സംയുക്ത പ്രോജക്റ്റിൽ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 സർവ്വീസ് ടാക്സ് കരാറുകാരന് അനുവദിച്ചു - അടവാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും സർവ്വീസ് ടാക്സ് കണക്കാക്കി കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ടാക്സ് അടവാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തികളുടെ പേര് | തുക | ട്രഷറി ബിൽ നം/ തീയ്യതി |
|---|---|---|---|
| 1 | 123/18- പഞ്ചായത്ത് ഓഫീസ് നവീകരണം | 17676 | ബിൽ നം 31/31-11-17 Rs.186013/- |
| 2 | 118/18- GLPS പുത്തൻപീടിക മെയിന്ററനൻസ് | 43953 | ബിൽ നം 29/28-10-17 Rs.462556/- |

മേൽ കാണിച്ച ബില്ലുകൾ മാറിയിരിക്കുന്നത് GST നിലവിൽ വന്നതിനു ശേഷമാണ്. ആയതുകൊണ്ട് ഈ തുകകൾ അടവാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചത്. ഈ തുകകൾ എപ്രകാരം അടവാക്കാമെന്ന് GST വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

## 3-15 എസ്.സി.വനിതകൾക്ക് തണൽ വീട് നിർമ്മാണം- ഫൈൻ ഇനത്തിൽ 68850/- രൂപ ഈടാക്കിയില്ല.

പ്രോജക്റ്റ്നം - 135/18

കരാറുകാരൻ -വി.കെ അനിൽകുമാർ

എം ബുക്ക് നം. -127&128/15-16, 180/16-17

ട്രഷറി ബിൽ നം. 16/23-8-17 Rs.6,72,389/-

2015-16 വർഷത്തിൽ ആരംഭിച്ച മേൽ പ്രവൃത്തി 2017-18 ലാണ് പൂർത്തീകരിച്ചത്. 2/2/16 ന് കരാറിൽ ഏർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തു. എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 28-6-17 ലാണ്. ഒരു വർഷമായിരുന്നു പൂർത്തീകരണ കാലാവധി. ആയതുപ്രകാരം പ്രവൃത്തി 1/2/17 ൽ പൂർത്തീകരിക്കണമായിരുന്നു.

2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലാണെങ്കിൽ കാലാവധി ദീർഘിപ്പിക്കാൻ അസി. എഞ്ചിനീയർ മുഖേന കരാറുകാരൻ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. എന്നാൽ ഇവിടെ കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മറ്റി കരാർ ദീർഘിപ്പിക്കാൻ തീരുമാനമെടുത്തതായും കാണുന്നില്ല. ഫയലിലെവിടേയും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാലാവധി നീട്ടേണ്ട തരത്തിലുള്ള വീഴ്ച സംഭവിച്ചതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ PWD Manual സെക്ഷൻ 2112-1 ൽ പറയുംപ്രകാരം (ഈ വ്യവസ്ഥ കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്) കാലതാമസം വന്ന ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും, തുടർന്നുള്ള മൂന്ന് മാസത്തിന് 2% നിരക്കിലും ഫൈൻ ഈടാക്കേണ്ടതാണ്. താഴെ പറയും പ്രകാരം ഫൈൻ കണക്കാക്കാവുന്നതാണ്.

ആദ്യ മൂന്ന് മാസത്തിന് - 1% of 3008087 =30,080/-

ബാക്കി 58 ദിവസത്തിന് - 2% of 3008087=60,160/-

60160/90x58 =38,770/-

ആകെ =68,850/-

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം9/27-2-2019) മറുപടിയിൽ നോട്ട് നിരോധനവും, കരാറുകാരന്റെ അസുഖവും മൂലമാണ് കാലതാമസം നേരിട്ടതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാല് കരാറുകാരന്റെ അപേക്ഷയുടെ അഭാവത്തിൽ ഇക്കാര്യം

അംഗീകരിക്കാനാവില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരമുള്ള ഫൈൻ കരാറുകാരനിൽനിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-16 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഉപയോഗപ്പെടുത്താനാവുന്നില്ല

മുൻ വർഷങ്ങളിൽ തൃശൂർ നിർമ്മിതികേന്ദ്രം നിർമ്മാണം നടത്തിയ പല പ്രവൃത്തികളിലും വലിയ വീഴ്ചകളാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ പല പ്രവൃത്തികളും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു.

1. ടൗൺ ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ്

65.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള പദ്ധതിക്കായി 20-4-2011 ൽ 10 ലക്ഷം രൂപ നിർമ്മിതികേന്ദ്രത്തിന് കൈമാറിയിരുന്നു. എന്നാൽ നിർമ്മാണത്തിലെ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി പിന്നീട് ഉപേക്ഷിക്കേണ്ടിവരികയായിരുന്നു. ബാങ്ക് വായ്പയായെടുത്ത 10 ലക്ഷം രൂപയും ആയതിന്റെ പലിശയുമടക്കം ആകെ 10,97,634/- രൂപ അടവാക്കി ബാങ്ക് ലോൺ ക്ലോസ് ചെയ്യുകയാണുണ്ടായത്. കെട്ടിടത്തിന്റെ കോളം റൂഫ് ലെവൽ വരേയും റൂഫ് വർക്കിന്റെ ഭാഗിക പ്രവൃത്തികളുമാണ് പൂർത്തീകരിച്ചിരുന്നത്. ഇതിന്റെ കുറേ ഭാഗം നശിച്ച അവസ്ഥയിലാണ് ഇപ്പോഴുള്ളത്. ഇത് പൊളിച്ച് കളഞ്ഞ് പുതിയ കെട്ടിടം നിർമ്മിതികേന്ദ്രയെക്കൊണ്ട് തന്നെ ചെയ്യിക്കുന്നതിന് സർക്കാർ അനുമതിക്കായി പഞ്ചായത്ത് അപേക്ഷിച്ചിരിക്കയാണ്.

2. ജാഗ്രതാ സമിതിയുടെ ഓഫീസ്

2009-10 വർഷത്തിൽ 3,65,000/- രൂപ അടങ്കലിൽ പഞ്ചായത്ത് ലൈബ്രറിയുടെ മുകളിലായി ജാഗ്രതാ സമിതി ഓഫീസ് നിർമ്മിക്കുന്നതിനായി പദ്ധതി വെക്കുകയും നിർമ്മിതികേന്ദ്രവുമായി 27-3-10 ൽ കരാറിൽ ഏർപ്പെടുകയുമുണ്ടായി. തുടർന്ന് 2010-11, 2011-12 വർഷങ്ങളിലായി 2.92 ലക്ഷം രൂപ നിർമ്മിതിക്ക് നല്കുകയുമുണ്ടായി. എന്നാൽ പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കിയപ്പോഴേക്കും False ceiling, Cabin work എന്നിവ നിർമ്മാണത്തിലെ അപാകതകൾ മൂലം കേടുവരികയായിരുന്നു. ഇത് ഇപ്പോഴും ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണ്. 271133/-രൂപയും അതിന്റെ 8% സർവ്വീസ് ചാർജ്ജും ഉൾപ്പെടുത്തി 2,92,824/- രൂപയുടെ ഫൈനൽ ബിൽ നിർമ്മിതികേന്ദ്രം സമർപ്പിച്ചുവെങ്കിലും അപാകതകൾ പരിഹരിക്കാത്തതിനാലും, സർവ്വീസ് ചാർജ്ജിനത്തിൽ 2.5% ത്തിനുപകരം 8% നിർമ്മിതികേന്ദ്രം ആവശ്യപ്പെട്ടതിനാലും പഞ്ചായത്ത് ആയത് അംഗീകരിക്കുകയുണ്ടായില്ല. 2.5% സർവ്വീസ് ചാർജ്ജ് കണക്കാക്കുമ്പോൾ ആകെ ബിൽ തുക 2,77,911/- രൂപ മാത്രമേ വരികയുള്ളൂ. ഇതിൽനിന്നും നിയമപ്രകാരമുള്ള നികുതികൾ കുറച്ച സംഖ്യ മാത്രമേ നിർമ്മിതികേന്ദ്രത്തിന് നല്കേണ്ടതുള്ളൂ. എന്നാൽ 2,92,000/- പഞ്ചായത്ത് അഡ്വാൻസായി നിർമ്മിതിക്ക് നല്കിയിട്ടുണ്ട്.

3.പട്ടികജാതിക്കാർക്കായുള്ള ഫ്ലാറ്റ് നിർമ്മാണം- 3,70,000/- രൂപ നിർമ്മിതിയിൽ നിന്നും ഇനിയും തിരികെ ലഭിച്ചില്ല.

2009-10 വർഷത്തിൽ 20 ലക്ഷം രൂപ അടങ്കലിൽ രണ്ട് നിലകളിലായി ആറ് ഭവനങ്ങൾ നിർമ്മിക്കുന്നതിനായി ആരംഭിച്ച പ്രസ്തുത പ്രവൃത്തിക്ക് 2009-10 വർഷത്തിൽ 8 ലക്ഷവും, 2010-11 വർഷത്തിൽ 8 ലക്ഷവും അഡ്വാൻസായി കൈമാറി. തുടർന്ന് മൂന്നാം നില നിർമ്മിക്കുന്നതിനായി 9.43 ലക്ഷത്തിന്റെ മറ്റൊരു എസ്റ്റിമേറ്റ് കൂടി തയ്യാറാക്കി നിർമ്മിതികേന്ദ്രയെ തന്നെ ഏൽപിക്കുകയും ഇതിനായി 3.70 ലക്ഷം രൂപ അഡ്വാൻസായി നല്കുകയുമുണ്ടായി. എന്നാൽ പിന്നീട് ചകിരിത്തൊണ്ട് കൊണ്ട് നികത്തിയ സ്ഥലമായതിനാൽ മണ്ണിന് ഉറപ്പില്ല എന്ന കാരണത്താൽ മൂന്നാം നില പണിയുന്നതിനുള്ള പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ രണ്ടാമത്തെ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടിരുന്നില്ല. അഡ്വാൻസായി കൈപ്പറ്റിയ തുക തിരികെ നല്കാൻ നിർമ്മിതികേന്ദ്ര തയ്യാറായില്ല. തുടർന്ന് 2014-15 ൽ ആദ്യ രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും നികുതികൾ കിഴിച്ച്

1,32,226/- രൂപ 12/1/15 ൽ നിർമ്മിതിക്ക് നല്കുകയുമുണ്ടായി. പൂർത്തിയായ 6 ഫ്ലാറ്റുകളിലായി ആറ് കുടുംബങ്ങൾ ഇപ്പോൾ താമസിക്കുന്നുണ്ട്. എന്നാൽ മൂന്നാം നിലയിൽ നിർമ്മാണത്തിനായി നിർമ്മിതികേന്ദ്ര അധികമായി കൈപ്പറ്റിയ 3,70,000/- രൂപ ഇനിയും തിരികെ നൽകിയിട്ടില്ല.

4. പട്ടികജാതി വനിതകൾക്ക് തണൽവീട്

2015-16 വർഷത്തിൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തി 2017-18 ൽ ഭാഗികമായി പൂർത്തീകരിച്ചു. ഈ പദ്ധതിക്കായി 2016-17 ൽ 1774975/- രൂപയും, 2017-18 വർഷത്തിൽ 6,72,389/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018 ഒക്ടോബറിൽ ഉദ്ഘാടനം നിർവ്വഹിച്ച ഈ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ഇനിയും ലഭ്യമായിട്ടില്ല. മാത്രമല്ല, എസ്.സി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഈ കെട്ടിടം ഇനി എസ്.സി. വനിതകൾക്ക് മാത്രമേ പ്രയോജനപ്പെടുത്താനാകൂ. കെട്ടിടം എത്രയും വേഗം ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരാത്ത രീതിയിൽ മേൽ ആസ്തികൾ എപ്രകാരം ഉപയോഗപ്പെടുത്താമെന്ന് ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

## 3-17 ലൈഫ് പദ്ധതി ഒന്നാം ഘട്ടം, പൂർത്തീകരിച്ചില്ല.

വി.ഇ.ഒ. അന്തിക്കാട് നിർവ്വഹണം നടത്തിയ ലൈഫ് പദ്ധതി ഒന്നാം ഘട്ടം (പ്രോജക്ട് നം. 144/18 - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എസ്.സി) സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനായില്ല. മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ മൂന്ന് എസ്.സി വീടുകളുടെ പൂർത്തീകരണത്തിനായി പദ്ധതി പ്രകാരം ഏഴ് ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഈയിനത്തിൽ 3.4ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാനായത്. ലൈഫ് ഒന്നാം ഘട്ടം സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഒരു ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

വി.ഇ.ഒ പടിയം നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 70/18 ആശ്രയ ഭവനം പദ്ധതിക്കായി ബിൽ നം. 1/17-18/17.10.17 പ്രകാരം 2,50,000 രൂപ സി.ഡി.എസ്. ന് കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ തുക തടസ്സപെടുത്തുന്നു.

## 3-19 അഗതി പുനരധിവാസ പദ്ധതികൾക്ക് മുൻ ഗണന നൽകണം. തുടർ സേവന പദ്ധതി തയ്യാറാക്കണം. കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പു വരുത്തണം.

സർക്കാർ നിശ്ചയിച്ച വിവിധ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുന്നതിന് നിശ്ചയിച്ച് 202 ആശ്രയ (ഒന്നാംഘട്ടം 157+രണ്ടാംഘട്ടം 45=202) ഗുണഭോക്താക്കളെ പഞ്ചായത്ത് കണ്ടെത്തിയിരുന്നു. എന്നാൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക വിവിധ വർഷങ്ങളിൽ വകയിരുത്താത്തതിനാൽ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർണമായി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. നിലവിൽ അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി അർഹരായ147 ഗുണഭോക്താക്കളുടെ ലിസ്റ്റ് 30.10.18ലെ ഭരണ സമിതി 7(1)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ആശ്രയ പദ്ധതിയിലുൾപെട്ടിരുന്ന 73 ഗുണഭോക്താക്കളും ഉൾപെട്ടിട്ടുണ്ട്.

അഗതികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി രണ്ട് ഘട്ടങ്ങളിലായി ആശ്രയ പദ്ധതി നടപ്പാക്കിയിട്ടും ഈ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരുടേയും അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കാനായില്ലായെന്നത് ഖേദകരമാണ്. ആശ്രയപദ്ധതിയുടെ റീ വിസിറ്റ് നടത്തി പരിഹരിക്കപെടാനുള്ള ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിർണ്ണയിച്ച് തുടർ സേവന പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉള്ള അലംഭാവം ഒഴിവാക്കപ്പെടേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകി നിർബന്ധിത

വകയിരുത്തൽ നടത്തി സമയബന്ധിതമയി പദ്ധതി പൂർത്തീകരിക്കുന്നതിന് വിവിധ മാർഗ്ഗ രേഖകൾ പ്രകാരവും പദ്ധതി നിർവ്വഹണത്തിൽ തുടർ നിരീക്ഷണവും സമയബന്ധിത ഇടപെടലുകളും ഉറപ്പു വരുത്തുന്നതിന് കുടുംബശ്രീ സംവിധാനങ്ങൾ, ആശ്രയ ഉപസമിതി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ മതിയായ തുക വകയിരുത്തി, സമയബന്ധിതമായും കാര്യക്ഷമമായും മുന്തിയ പരിഗണന നൽകി പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-20 അർഹരായ മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭിക്കാൻ നടപടി സ്വീകരിക്കണം. ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നെൽകൃഷിക്ക് കൂലിചിലവ് നൽകൽ, വിത്ത് വിതരണം, പ്രൊഡക്ഷൻ ബോണസ് നൽകൽ എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി സാമ്പത്തിക വർഷത്തിൽ ആകെ 15,42,243 രൂപ നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ നടത്തുന്നതിനായി കേരള ഗ്രാമീൺ ബാങ്കിന്റെ കാഞ്ഞാണി ശാഖയിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ 12,88,273 രൂപ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളു. ബാങ്ക് പാസ്ബുക്കിലെ 1.2.19 ലെ രേഖപെടുത്തൽ പ്രകാരം 3,46,437 രൂപ നീക്കിയിരുപ്പായി കാണുന്നു. വിവിധ പദ്ധതികളിലായി വിതരണം ചെയ്യുന്നതിന് ബാങ്കിൽ നിക്ഷേപിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. (ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നം.10/28.2.19 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.) മാത്രമല്ല പദ്ധതിക്കായി വിതരണം ചെയ്ത തുകയിൽ 38777 രൂപ നെഫ്റ്റ് റിട്ടേൺ തുകയായി പാസ്സ്ബുക്കിൽ രേഖപെടുത്തി കാണുന്നു.

ആയതിനാൽ ധനസഹായം കൈപറ്റാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കേണ്ടതും നീക്കിയിരുപ്പുള്ള തുകയുടെ പദ്ധതി ഇനം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 നെല്ലുൽപാദന വർധന -ഇരുപ്പൂ കൃഷി നടത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

തൃശൂർ ജില്ലയിലെ സുപ്രധാന കാർഷിക മേഖലയാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശം. തൃശൂർ-പൊന്നാനി കോളിന്റെ സുപ്രധാന ഭാഗം ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്നു. അന്തിക്കാട് കോൾപടവ്, പരപ്പൻ ചാൽ, വള്ളൂർതാഴം, ശ്രീരാമൻ ചിറ എന്നിങ്ങനെ നാല് പാടശേഖര സമിതിയുടെ കീഴിലായി 335 ഹെക്ടർ കൃഷിയോഗ്യമായ പ്രദേശത്ത് നവംബർ-ജനുവരി കാലയളവിലായി നിലവിൽ ലേറ്റ് മുണ്ടകൻ ആയി നെല്ല് കൃഷി ചെയ്തു വരുന്നു. ഭൂ നിരപ്പിൽ നിന്നും 0.5 മുതൽ 2 മീറ്റർ വരെ താഴ്ന്ന് സ്ഥിതിചെയ്യുന്ന കോൾ പാടത്തുനിന്നും ഹൈ ലെവൽ കനാലിലേക്ക് വെള്ളം പമ്പ് ചെയ്ത് വറ്റിച്ചാണ് നിലവിൽ കൃഷി നടത്തുന്നത്. ഈ ആവശ്യത്തിലേക്കായി പാടശേഖരങ്ങളിൽ പെട്ടിയും പറയും, വെർട്ടിക്കൽ ആക്സിസ് പമ്പ് സെറ്റ് ഉൾപെടെ 21 പമ്പ് സെറ്റുകൾ ഡി വാട്ടറിംഗിനായി സ്ഥാപിച്ചിട്ടുണ്ട്. കൃഷിക്ക് മുന്നോടിയായി ചാലുകളിലെ ചണ്ടി യഥാസമയം നീക്കം ചെയ്തും, ആഴം കൂട്ടി ചാലുകൾ വൃത്തിയാക്കുകയും , വരമ്പുകൾ, ബണ്ടുകൾ എന്നിവ ബലപെടുത്തുകയും ചെയ്താൽ നിലവിൽ ഒരു പൂ ആയി നടത്തുന്ന കൃഷി രണ്ടുപൂ കൃഷിയാക്കി നെല്ലുൽപാദനം ഇരട്ടിയാക്കി വർധിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. എന്നാൽ തനതു ഫണ്ട് താരതമ്യേന കുറവായതിനാലും പ്ലാൻ ഫണ്ട് പരിമിതമായതിനാലും മതിയായ തുക വകയിരുത്തി കാർഷിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്താൻ സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവയുടെ സഹായത്താൽ നിലവിലുള്ള കാർഷിക യോഗ്യമായ മുഴുവൻ പ്രദേശത്തും കൃഷി നടത്തുന്നതിനാവശ്യമായ പരിശ്രമം പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നുവെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ മതിയായ തുക വകയിരുത്താനാവാത്തതിനാൽ കാർഷികോൽപാദനം വർധിപ്പിക്കാൻ സാധിക്കുന്നില്ലായെന്നത് വസ്തുതയാണ്. മുഴുവൻ സമയ ജലലഭ്യത, ഫലപ്രദമായ കളനിയന്ത്രണം എന്നിവ ഉറപ്പു വരുത്തിയും കാർഷിക കലണ്ടർ തയ്യാറാക്കി

സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്താൽ ഇരുപ്പൂ കൃഷി വഴി നെല്ലുൽപാദന വർധന എന്ന നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിനു സാധിക്കും. പ്രത്യേക കാർഷിക മേഖല എന്ന നിലയിൽ ആവശ്യമായ ഇടപെടൽ നടത്തി സർക്കാരിൽ നിന്നും മതിയായ ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ പരിശ്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-22 മാലിന്യ സംസ്കരണം വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൽപാദിപ്പിക്കപെടുന്ന ഗാർഹിക,ഗാർഹികേതര മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ വ്യക്തമായ മാസ്റ്റർ പ്ലാൻ ഗ്രാമപഞ്ചായത്ത് തയ്യാറാക്കണം. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക 3 പ്രകാരം മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൽപാദിപ്പിക്കപെടുന്ന മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കുന്നതിന് ആവശ്യമായ വിവരശേഖരണം നടത്തി മാലിന്യത്തിനെ വേർതിരിച്ച് ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന പ്രദേശവും കാർഷിക മേഖലയാണ്. വൻകിട ഉൽപാദന യൂണിറ്റുകളോ, വ്യവസായശാലകളോ, മാലിന്യങ്ങൾ വൻതോതിൽ ഉൽപാദിപ്പിക്കപെടുന്ന മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല. എങ്കിലും മാലിന്യ സംസ്കരണത്തിനായി ഹരിതകേരള മിഷന്റെ നിർദ്ദേശ പ്രകാരം മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച പ്രവർത്തനങ്ങളിൽ തുടർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാർഡ് തലത്തിൽ രണ്ട് വീതം ഹരിത കർമ്മ സേന അംഗങ്ങളെ തെരഞ്ഞെടുത്തതല്ലാതെ തുടർ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. മാലിന്യം സംസ്കരിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തിൽ പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി കാണുന്നില്ല. ഗാർഹിക മാലിന്യ സംസ്കരണത്തിനായി 2016-17ൽ ആവിഷ്കരിച്ചതും സ്പിൽ ഓവറായതുമായ വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിനാൽ മാലിന്യരഹിത പഞ്ചായത്തായി ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിനായി ആവശ്യമായ മാലിന്യ ശേഖരണ, സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 ഹെഡ് മിസ്ട്രസ്സ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

താഴെ പറയുന്ന പദ്ധതികൾ 2017-18 ൽ നടപ്പാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട പല രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്നം/ പേര് | ചെലവ് തുക | ബിൽ വിവരം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 64/18- ഗവ.സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 200000 | ARTCO -A/C No.67204086457-SBI | ടെണ്ടർ വിവരമില്ല, സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം ഇല്ല, (പ്രോജക്റ്റിൽ ടെണ്ടർ വഴി വാങ്ങുന്നതാണ് വിഭാവനം ചെയ്തിരുന്നത്) |
| 2 | 61/18- SC വിദ്യാർത്ഥികൾക്ക് | 263730 | ട്രഷറി ബിൽ നം. 3/24-10-17 | ഗുണഭോക്താക്കളുടെ വിവരമില്ല, സ്റ്റോക്കിലെടുത്ത് |

| | | | | |
|---|---|---|---|---|
| | ലാപ്ടോപ്പ് | | | വിതരണം നടത്തിയതിന്റെ വിവരമില്ല, പഞ്ചായത്തിൽ നിന്നോ മറ്റ് തസ്വഭ സ്ഥാപനങ്ങളിൽനിന്നോ മുൻപ് ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതിനുള്ള രേഖകൾ ഇല്ല, ടെണ്ടറിൽ IKM സ്പെസിഫിക്കേഷൻ എന്നു പറഞ്ഞിരുന്നുവെങ്കിലും ഒരു വർഷം മാത്രം വാറന്റിയുള്ളവയാണ് വാങ്ങിയത്. വാങ്ങിയവയുടെ സ്പെസിഫിക്കേഷൻ, ഗുണമേന്മ എന്നിവ ക്ഷമതയുള്ള ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | 20/18- SC വിദ്യാർത്ഥികൾക്ക് സൈക്കിൾ | 392470 | ബിൽ നം.7/27-1-18 Rs.329700/-<br>ബിൽ നം.10/12-3-18 Rs.62770/- | ഗുണഭോക്താക്കളുടെ അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്,സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവയില്ല. EMD ആയി സ്ഥാപനം അടവാക്കിയ 10000/- രൂപയുടെ FD രസീത് ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് സെക്രട്ടറിക്ക് ലിൻ മാർക്ക് ചെയ്തിട്ടില്ല. |
| 4 | 16/18- ജൂഡോ പരിശീലനം | 78975 | ട്രഷറി ബിൽനം.2/12-10-17 Rs.78975/- | പരിശീലകന്റെ യോഗ്യത, തെരഞ്ഞെടുത്ത രീതി, ഗുണഭോക്താക്കളുടെ വിവരം, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവയില്ല. |
| 5 | 23/18- ലൈബ്രറിയിലേക്ക് ഫർണിച്ചർ | 50000 | ARTCO A/C No.67204086457dt.23/11/17 | ടെണ്ടർ വിവരമില്ല, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരമില്ല,മുഴുവൻ സാധനങ്ങളും കൈപ്പറ്റിയതിന്റെ വിവരമില്ല. |
| | ആകെ | 985175 | | |

മേൽ കാണിച്ച രേഖകളുടെ അഭാവത്തിൽ 9,85,175/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-24 തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പ്രവൃത്തികൾ - അപാകതകൾ

2017-18 വർഷത്തിൽ കയർ ഭൂവസ്ത്രമുപയോഗിച്ച് നടത്തിയ ബണ്ട് സംരക്ഷണ പ്രവൃത്തികളിൽ കയർ കോർപറേഷനിൽനിന്നും വാങ്ങിയ കയറിന്റെ അളവും പ്രവൃത്തികളിൽ ഉപയോഗിച്ച അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കയർ കോർപറേഷനിൽനിന്നും ആകെ വാങ്ങിയത് 6000m2 കയറാണ്. എന്നാൽ 2017-18 ലെ മൂന്ന് പ്രവൃത്തികളിലായി ആകെ ഉപയോഗിച്ചത് 6282m2 കയറാണ്. വാങ്ങിയതിനേക്കാൾ 282m2 കയർ അധികമായി ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.18/1-3-19) മറുപടിയിൽ കയർ ഭൂവസ്ത്രമുപയോഗിച്ചുള്ള പ്രവൃത്തികൾ തൊഴിലാളികൾ ആദ്യമായാണ് ചെയ്യുന്നതെന്നും, പ്രവൃത്തിയിലെ പരിചയക്കുറവും കോൾപടവിലെ അതികഠിനമായ വേനൽച്ചൂടും

കാരണം പ്രസ്തുത പ്രവൃത്തി നിശ്ചിത കൂലിയിൽ ചെയ്തു തീർക്കാൻ സാധിച്ചില്ലെന്നും, കൂലിയിലെ വ്യത്യാസം പരിഹരിക്കുന്നതിനുവേണ്ടി കയർ ഭൂവസ്ത്രത്തിന്റെ അളവ് എം ബുക്കിൽ മാറ്റം വരുത്തേണ്ടിവന്നുവെന്നുമാണ് അറിയിച്ചത്. എന്നാൽ ധനനഷ്ടം വരാതിരിക്കാൻ കയർ കോർപറേഷന് 6000m2 കയറിന്റെ വില മാത്രമേ നല്കിയിട്ടുള്ളൂ എന്നുമാണ് അറിയിച്ചത്.

തുടർ വർഷങ്ങളിൽ വാങ്ങിയ കയറിന്റെ അളവിൽമാത്രം പ്രവൃത്തി നിജപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 ആസ്തികളുടെ സംരക്ഷണം- വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

SC വനിതാ സംരഭകർക്ക് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി 19.50 ലക്ഷം രൂപ ചെലവഴിച്ച് അന്തിക്കാട് ആൽ സെന്ററിൽ 3.2 സെന്റ് സ്ഥലം 2017-18 ൽ വാങ്ങിയിട്ടുണ്ട്. എന്നാൽ 1-3-19 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ഈ സ്ഥലം കാടുപിടിച്ച് കിടക്കുന്നതായാണ് കണ്ടത്. എത്രയും പെട്ടന്ന് സ്ഥലം അതിരുതിരിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

SC അപാർട്ട്മെന്റ് നിൽക്കുന്ന സ്ഥലം, തണൽ വീട് നിൽക്കുന്ന സ്ഥലം തുടങ്ങിയവയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. കൂടാതെ, ഓഡിറ്റ് എൻക്വയറി നം.9/27-2-19 പ്രകാരം താഴെ പറയുന്ന ആസ്തികളുടെ സംരക്ഷണത്തിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, നിലവിലെ അവസ്ഥ, എന്നിവ അറിയിക്കാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയില്ല.

1. ശ്മശാനം - 10 Are 8m2

2. പഞ്ചായത്ത് ഗ്രൌണ്ട് - 15 Are20m2

3. ആമ്പച്ചിറ PHC – 1 Are 20m2

4. ഹെൽത്ത് സെന്റർ - 8 Are 70m2

5. ഗവ. ആശുപത്രി - 30 Are 65m2

ഇവയുടെ നിലവിലുള്ള അവസ്ഥ, സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | സാന്ത്വനചികിത്സ | 2,00,000 | 0 |
| | | 2,15,000 | ശാരീരികമാനസിക വെല്ലുവിളികൾ | 2,13,425 | 1,575 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| | | 2,00,000 | അനുപൂരക പോഷകാഹാരം | 2,00,000 | 0 |
| | | 75,000 | പാലിന് സബ്സിഡി | 75,000 | 0 |
| | | 1,20,000 | വയോജനങ്ങൾക്ക് കട്ടിൽ | 1,19,911 | 89 |
| | | 2,25,000 | നെൽകൃഷി-ഉഴവ് കൂലി | 2,20,387 | 4,613 |
| | | 6,73,968 | ലൈഫ് – എസ്.സി, ഭവനം | 3,40,000 | 3,33,968 |
| | | 2,67,000 | ലൈഫ് – ജനറൽ, ഭവനം | 2,67,000 | 0 |
| | | 13,00,000 | മാലിന്യ നിർമ്മാർജ്ജനം - കാന നിർമ്മാണം | 2,16,300 | 10,83,700 |
| | | 4,38,120 | അത്യുത്പാദനശേഷിയുള്ള നെൽവിത്ത് സബ്സിഡി | 4,38,120 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 60,000 | പാലിന് സബ്സിഡി | 60,000 | 0 |
| | | 2,15,000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,13,425 | 1,575 |
| | | 2,00,000 | സാന്ത്വനചികിത്സ | 2,00,000 | 0 |
| | | 2,00,000 | അനുപൂരക പോഷകാഹാരം | 1,99,998 | 2 |
| | | 50,000 | വികലാംഗർക്ക് ഉപകരണങ്ങൾ | 0 | 50,000 |
| | | 3,75,000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 3,73,626 | 1,374 |
| | | 4,50,000 | നെൽകൃഷി-ഉഴവ് കൂലി | 4,37,148 | 12,852 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB, പെരിങ്ങോട്ടുകര | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രോജക്ട് നം.77 | 21700553/ തീ.14.11.17 | 3,73,626 | 0 | | 3,73,626 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രോജക്ട് നം.77 | 217008822/ തീ.31.03.18 | 2,00,586 | 0 | | 2,00,586 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രോജക്ട് നം.77 | 21700823/ തീ.31.03.18 | 7,99,414 | 0 | | 7,99,414 |

കുറിപ്പ് : ആകെ 13,73,626/- രൂപയിൽ 12,63,476/- രൂപക്ക് കെ.എസ്.ഇ.ബി 27.02.2019 ന് UC നൽകിയിട്ടുണ്ട്.1,10,150/- രൂപയുടെ UC ലഭിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് നം. 079 തിയ്യതി:05-07-2001, തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, വിരുപ്പാക്ക,തൃശ്ശൂർ | 5,000 |
| ആകെ | 5,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50964448 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54774151 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2147847 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-1 (b) | 1680 | ഡോ.ബീന മൊയ്തീൻ.കെ, മെഡിക്കൽ ഓഫീസർ, സി എച്ച് സി |

| | | |
|---|---|---|
| 3-10-II | 5000 | ഡോ.രാജീവ്.കെ.ആർ, വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-2(b) | 478600 | ഡോ.ബീന മൊയ്തീൻ.കെ, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 3-3 | 260150 | പി.ജി.വസന്തകുമാർ, സെക്രട്ടറി |
| 3-5 | 98922 | പി.ജി.വസന്തകുമാർ, സെക്രട്ടറി |
| 3-10-III | 75000 | ഡോ.രാജീവ്.കെ.ആർ, വെറ്ററിനറി സർജൻ |
| 3-18 | 250000 | റെനീഷ്.എ.എച്ച്, വി ഇ ഒ, പടിയം സർക്കിൾ |
| 3-23 | 985175 | സൗഭാഗ്യവതി, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 2147847 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്,തസ്തിക | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ഡോ.ബീന മൊയ്തീൻ.കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, സി എച്ച് സി അന്തിക്കാട് | ഗ്ലൈന്റയിൽ ഗ്രീൻ ഫീൽഡ് കോളനി ,അയ്യന്തോൾ ,തൃശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 71-72 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 72-73 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 80-81 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 6,7,16 (എ) |
| 81-82 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 3 -12,19,20<br>20-(2) ,3,24,27,28, |
| 82-83 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 18,19,20,21 |
| 83-84 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 16 |
| 85-86 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 15,21,22,23(1),23(2), 25 (1)<br>26,32 (a),32(d) |
| 86-87,87-88 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 14 |
| 88-89,89-90 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 6 (എ, സി) |
| 90-91 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 15 |
| 91-92 | എൽ എഫ് ടി എസ് 2-936/11<br>തിയ്യതി 24-10-11/03-12-11<br>(ഓഡിറ്റ് അദാലത്ത്) | 15,17 |
| 92-93,93-94 | എൽ.എഫ്.ടി 13-74/96<br>തിയ്യതി 25-03-97 | |
| 96-97 | എൽ.എഫ്.ടി 13-74/98<br>തിയ്യതി 09-06-98 | |
| 97-98 | എൽ.എഫ്.ടി 13-1915/06<br>തിയ്യതി 09-08-06 | |
| 98-99 | എൽ.എഫ്.ടി 13-1916/06<br>തിയ്യതി 09-08-06 | |
| 99-2000 | എൽ.എഫ്.ടി13-1917/06<br>തിയ്യതി 09-08-06 | |
| 2000-01 | എൽ.എഫ്.ടി 13-2186/06<br>തിയ്യതി 30.06.07 | |
| 99-2000<br>മുതൽ | എൽ.എഫ്.ടി 13-1078/03<br>തിയ്യതി 06.02.04/22.05.07 | |

| | | |
|---|---|---|
| 2001-02 (പ്ലാൻ) | | |
| 2002-2003 | എൽ.എഫ്.ടി13-2188/06 തീ.08.02.07/06.10.2000 | |
| 2003-2004 | എൽ.എഫ്.ടി -1878/08 തീ.09.12.09 | |
| 2004-2005 | എൽ.എഫ്.ടി 11-1877/08 തീ.09.12.09 | |
| 2005-2006 | എൽ.എഫ്.ടി 11-868/09 തീ.13.08.10 | |
| 2006-2007 | എൽ.എഫ്.ടി 11-869/09 തീ.13.08.10 /04.03.11 | |
| 2007-2008 | എൽ.എഫ്.ടി പി 8-317/11 തീ.29.09.11 /04.01.12 | |
| 2008-2009 | എൽ.എഫ്.ടി പി 8-317 (എ) 11 തീ.10.10.11/ 04.01.12 | |
| 2009-2010 | എൽ.എഫ്.ടി പി 2-693/12 തീ.27/09/12 | |
| 2010-2011 | എൽ.എഫ്.ടി പി 2-694/12 തിയ്യതി 27/09/12 /02.03.13 | |
| 2011-2012 | എൽ.എഫ്.ടി പി 2-701/13 തീ.31.07.13 /05.10.13 | |
| 2012-2013 | എൽ.എഫ്.ടി പി 2 -2172/2013 തീ.11.02.14/05.05.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ പി2-1687/15 തീ.23-12-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി2-1038/16 തീ.28-06-2016 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി2-2204/2016 തീ.11-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017 തീ.14.11.2017 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:17.05.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശൂർ ജില്ലയിലെ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2
## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ